## Carpentry

ജില്ലാ തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ Carpentry മേഖലയിലെ അടിസ്ഥാനപരമായ Carpentry വൈദഗ്ധ്യമുള്ള മത്സരാർത്ഥികളെ കണ്ടെത്തുകയാണ് പ്രധാന ലക്ഷ്യം. ഇതിനായി ജില്ലാ തലത്തിൽ നിന്നും യോഗ്യരായ മത്സരാർത്ഥികളെ കണ്ടെത്തുന്നതിനായി നടത്തുന്ന മത്സരങ്ങളിൽ പ്രധാനമായും carpentry cut form joins, planning, chiseling, cutting, assembling എന്നീ വർക്കുകൾ ചെയ്യാനുള്ള വൈദഗ്ധ്യമാണ് പരിശോധിക്കുന്നത്. മത്സരാർത്ഥികൾ ഒരു നിശ്ചിതസമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നീരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖലാ തല മത്സരങ്ങളിൽ ജില്ലാ തല മത്സരങ്ങൾക്ക് നൽകിയ വർക്കുകൾക്ക് പുറമെ hand work, machinery, machinery work-planning, Jig sawing, mortising and tenning operation, joint making (Dovetail, mortising and tenoning, Tongue & Groove Joint) എന്നീ മേഖലകളിൽ വൈദഗ്ധ്യം തെളിയിക്കേണ്ട 8 മണിക്കൂർ ദൈർഘ്യമുള്ള വർക്കുകളാകും നൽകുക.

സംസ്ഥാന തല മത്സരങ്ങളിൽ മത്സരാർത്ഥികൾക്കുള്ള വൈദഗ്ധ്യം പരിശോധിക്കുന്ന വിധത്തിൽ ജില്ലാ മേഖല മത്സരങ്ങളിൽ പറഞ്ഞിരിക്കുന്ന വർക്കുകൾക്ക് പുറമെ designing, carving, plywood working എന്നിവ കൂടെ ഉൾപ്പെടുത്തിയുള്ള വർക്കുകളാണ് ഉണ്ടാവുക.

മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കൽ, വർക്ക് ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.

ആർ.വി 09.03.18